# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

**നം.പി.ആർ. 55/2026** **തിരുവനന്തപുരം, തീയതി: 12/03/2026**

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2025 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എംഎ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ (റെഗുലർ, ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2026 മാർച്ച് 20 വരെ www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാകേന്ദ്രം

കേരളസർവകലാശാല 2026 മാർച്ച് 17 ന് ആരംഭിക്കുന്ന അവസാന വർഷ ബിബിഎ ആന്വൽ സ്കീം പ്രൈവറ്റ് രജിസ്ട്രേഷൻ ഡിഗ്രി പരീക്ഷയ്ക്ക് ആലപ്പുഴ ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച (റെഗുലർ - 2023 അഡ്മിഷൻ) വിദ്യാർത്ഥികൾ എസ്.ഡി. കോളേജിലും, സപ്ലിമെന്ററി വിദ്യാർത്ഥികൾ യു.ഐ.ടി. ആലപ്പുഴയിലും, പത്തനംതിട്ട ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ അടൂർ സെന്റ് സിറിൾസ് കോളേജിലും, കൊല്ലം ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ എസ്.എൻ. കോളേജിലും, തിരുവനന്തപുരം ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച പെൺകുട്ടികൾ വഴുതയ്ക്കാട് ഗവൺമെന്റ് വിമൻസ് കോളേജിലും, ആൺകുട്ടികൾ കേശവദാസപുരം എം.ജി. കോളേജിലും പരീക്ഷ എഴുതേണ്ടതാണ്. ഹാൾടിക്കറ്റുകൾ മേൽ വിവരിച്ച പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും 2026 മാർച്ച് 13 മുതൽ ലഭ്യമാകും.

### പ്രാക്ടിക്കൽ/ഡിസർട്ടേഷൻ & വൈവവോസി

കേരളസർവകലാശാല 2026 മാർച്ചിൽ വിജ്ഞാപനം ചെയ്ത മൂന്നാം സെമസ്റ്റർ എംഎസ്സി സ്റ്റാറ്റിസ്റ്റിക്സ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഡാറ്റാ അനലിറ്റിക്സ് കോഴ്സിന്റെ പ്രാക്ടിക്കൽ 2026 മാർച്ച് 13 ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2025 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എംഎസ്സി മാത്തമാറ്റിക്സ് പരീക്ഷയുടെ അനുബന്ധ പ്രാക്ടിക്കൽ 2026 മാർച്ച് 17 ന് പ്രസ്തുത കോളേജിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തിയ രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ്, ജനുവരി 2026 പരീക്ഷയുടെ ഡെസർട്ടേഷൻ & വൈവവോസി (LISM 58) പരീക്ഷ കാര്യവട്ടത്തെ സെന്റർ ഫോർ ഡിസ്റ്റൻസ് ആന്റ് ഓൺലൈൻ എഡ്യുക്കേഷൻ (CDOE) വച്ച് 2026 മാർച്ച് 23, 24 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2025 ഡിസംബറിൽ വിജ്ഞാപനം ചെയ്ത മൂന്നാം സെമസ്റ്റർ എം.എസ്‌സി ഹോം സയൻസ് (ന്യൂട്രീഷ്യൻ ആന്റ് ഡയറ്ററ്റിക്സ്) കോഴ്സിന്റെ വൈവവോസി 2026 മാർച്ച് 16 ന് സെന്റ് ജോസഫ്സ് കോളേജ് ഫോർ വുമൺ, ആലപ്പുഴ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2025 ഏപ്രിലിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബിബിഎ ഡിഗ്രി പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്/ഹാൾടിക്കറ്റുമായി 2026 മാർച്ച് 16 മുതൽ 25 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഇ.ജെ.III സെക്ഷനിൽ ഹാജരാകേണ്ടതാണ്.

## അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാല അറബി വിഭാഗം നടത്തുന്ന അറബിക് ടൈപ്പിംഗ് കോഴ്സിന്റെ അവധിക്കാല ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത എസ്.എസ്.എൽ.സി/തത്തുല്യം. ഫീസ്: 3000/- രൂപ. കാലാവധി: 3 മാസം. അപേക്ഷ ഫോം www.arabicku.in ലും കാര്യവട്ടത്തുള്ള അറബി പഠന വകുപ്പിലും ലഭ്യമാണ്. അഡ്മിഷന് എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ പകർപ്പും ഒരു ഫോട്ടോയും സഹിതം 2026 മാർച്ച് 17 ചൊവ്വ രാവിലെ 10 മണിക്ക് പഠനവകുപ്പിൽ എത്തുക. വിവരങ്ങൾ: 9633812633/04712308846 (ഓഫീസ്).

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)**

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**